**K25P 0843**

Reg. No. : ...............................

Name : ...................................

## IV Semester M.A. Degree (C.B.C.S.S. – OBE-Regular) Examination, April 2025 (2023 Admission)

## MAMAL04C13 : മലയാള സാഹിത്യവിമർശനം – രണ്ട്

Time : 3 Hours Max. Marks : 80

PART – A

I. ഏതെങ്കിലും **5** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'ആധുനികതയിൽ പ്രകടമായിരുന്ന സാമ്പ്രദായിക വേർതിരിവുകളെ അട്ടിമറിക്കുക എന്നതായിരുന്നു ഉത്തരാധുനികതയിൽ നിർവഹിക്കപ്പെട്ട മൗലികമായ ഒരു കർമം' – വിശദീകരിക്കുക.

2) 'ഘടനാവാദാനന്തര വിമർശനം ഒറ്റക്കല്ലിൽ തീർത്ത ശിൽപമല്ല' എന്ന് വി. സി. ഹാരിസ് സമർത്ഥിക്കുന്നതെങ്ങനെ ?

3) അപഹരിക്കപ്പെട്ട ദൈവങ്ങളിലെ ആഖ്യാനത്തിന് മുഖ്യമായും രണ്ട് അടരുകളുണ്ട് – വിശദീകരിക്കുക.

4) മാധവിക്കുട്ടിയുടെ രചനാലോകത്തെ ജെ. ദേവിക കണ്ടെടുക്കുന്നതെങ്ങനെ ?

5) 'ഇവിടെ പൊറ്റെക്കാട്ട് സ്വയം കാണുന്നത് പഴയ കൊളോണിയൽ സഞ്ചാരികളുടെ തുടർച്ചയിലാണ് ' എന്ന് പറയുന്നത് എന്തുകൊണ്ട് ?

6) മേഘരൂപൻ എന്ന തലക്കെട്ടിന്റെ ശൈലീപരമായ സാംഗത്യം എന്ത് ? **(5×4=20)**

PART – B

II. ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

7) ചിത്രത്തിന്റെ നാടകീയതയെക്കുറിച്ച് വിജയകുമാർ മേനോന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം ?

8) ദ്രാവിഡ കാവ്യസിദ്ധാന്തങ്ങൾ പുതിയ വായനയ്ക്കും പുനർവായനയ്ക്കും സഹായകമാണോ ? വിശകലനം ചെയ്യുക.

9) എസ്. കെ. യുടെ ആഫ്രിക്കൻ കാഴ്ചയുടെ പ്രത്യയശാസ്ത്രപരമായ പരിമിതികൾ എന്തെല്ലാം ?

P.T.O.



10) എന്തൊക്കെ പ്രതിബന്ധങ്ങളെ അതിജീവിച്ചു കൊണ്ടാണ് എഴുത്തുകാരികൾ മലയാള സാഹിത്യ രംഗത്ത് ഇടം കണ്ടെത്തിയതെന്ന് വിശദമാക്കുക.

11) എൻ. പ്രഭാകരന്റെ 'നാട്ടു വിദ്യ' എന്ന കഥാപാഠം സ്വയം അപനിർമാണത്തിനു വിധേയമാകുന്നതെങ്ങനെയെന്ന് വിവരിക്കുക. **(3×8=24)**

PART – C

III. ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

12) പോസ്റ്റ് ഹ്യൂമൻ കാലത്തെ (സൈബോർഗുകളുടെ കാലത്തെ)ക്കുറിച്ചുള്ള ടി. ടി. ശ്രീകുമാറിന്റെ വിചാരലോകത്തെ വിശകലനം ചെയ്യുക.

13) സാറാ ജോസഫിന്റെ രചനാലോകത്തെ സ്ത്രീപക്ഷ കാഴ്ചപ്പാടിൽ വിലയിരുത്തുക.

14) അനുഭൂതിയിൽ നിന്ന് പ്രത്യയശാസ്ത്രത്തിലേക്കുള്ള സാഹിത്യത്തിന്റെ മാറ്റം ലേഖകൻ രേഖപ്പെടുത്തുന്നതെങ്ങനെ ? ഉപന്യസിക്കുക.

15) കെ. പി. അപ്പന്റെ വിമർശന വഴികളെ സി. ബി. സുധാകരൻ വായിച്ചെടുക്കുന്ന രീതിയെ വിമർശനാത്മകമായി വിലയിരുത്തുക.

16) മേഘരൂപനെ ശൈലീവിജ്ഞാനീയത്തിന്റെ സഹായത്തോടെ വായിക്കുന്നതിന്റെ മൗലികത വിലയിരുത്തുക. **(3×12=36)**

---